**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4355** **28-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുനന്മ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സ്ഥാപനങ്ങൾ പൊതുനന്മ ഫണ്ട് നീക്കി വെക്കുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; വാർഷിക ലാഭത്തിന്റെ എത്ര ശതമാനമാണ് പൊതുനന്മ ഫണ്ടായി മാറ്റി വെക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കേരള സഹകരണ സംഘം നിയമം വകുപ്പ് 56(2) (ഡി) ലെ വ്യവസ്ഥ പ്രകാരം അറ്റാദായത്തിന്റെ 10% ൽ അധികരി ക്കാത്ത തുക പൊതു നന്മ ഫണ്ടായി മാറ്റിവെക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | സഹകരണ സ്ഥാപനങ്ങൾ പൊതുനന്മ ഫണ്ട് ചെലവഴിക്കുന്നതിന്റെ മാനദണ്ഡങ്ങൾ അറിയിക്കാമോ; പ്രസ്തുത ഫണ്ട് ചെലവഴിക്കുന്നതിന് സഹകരണ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; പ്രസ്തുത ഫണ്ട് ചെലവഴിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് ചെയ്യാറുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള സഹകരണ സംഘം നിയമം വകുപ്പ് 56(2) (ഡി) ലെ വ്യവസ്ഥ പ്രകാരം 1890 ലെ ധർമ്മാർത്ഥ ദാന സ്വത്ത് (Charitable Endowments Act) നിയമത്തിലെ (1890 ലെ 6ാം കേന്ദ്ര നിയമം) 2-ാം വകുപ്പിൽ നിർവചിച്ചിട്ടുള്ള പ്രകാരം ധർമപരമായ ഏതെങ്കിലും ആവശ്യത്തിലേയ്ക്കായി അറ്റാദായത്തിന്റെ പത്ത് ശതമാനത്തിൽ അധികരിക്കാത്ത തുക വിനിയോഗിക്കുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഫണ്ട് ചിലവഴി ക്കുന്നതിന് സഹകരണ വകുപ്പിന്റെ അനുമതി ആവശ്യമില്ല. പ്രസ്തുത ഫണ്ട് ചിലവഴിക്കുന്നത് സംഘത്തിൽ ഓഡിറ്റ് നടക്കുന്ന അവസരത്തിൽ ഓഡിറ്റ് ചെയ്യുന്നതുമാണ്. |
| (സി) | സഹകരണ സംഘങ്ങളുടെ ഭരണസമിതി തീരുമാനമില്ലാതെ പൊതുനന്മ ഫണ്ട് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുന്നതിന് സാധിക്കുമോ; പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനു സഹകരണ സംഘം പ്രസിഡന്റുമാർക്കോ ചെയർമാൻമാർക്കോ സഹകരണ നിയമപ്രകാരം പ്രത്യേക അധികാരമുണ്ടോ; | (സി) | സംഘത്തിലെ പൊതുനന്മാഫണ്ട് വിനി യോഗിക്കുന്നതിന് സംഘം ഭരണസമിതി യുടെ തീരുമാനം വേണ്ടതാണ്. സഹകരണ സംഘം പ്രസിഡന്റുമാർക്കും ചെയർമാൻമാർക്കും പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് സഹകരണ നിയമപ്രകാരം പ്രത്യേക അധികാരമില്ല. |
| (ഡി) | 2001 മുതൽ 2005 വരെ മലപ്പുറം ജില്ലയിലെ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് പൊതുനന്മ ഫണ്ടിൽ നിന്നും എത്ര രൂപയാണ് ചെലവഴിച്ചതെന്നും ഏതെല്ലാം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ് പ്രസ്തുത ഫണ്ട് | (ഡി) | അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | നൽകിയതെന്നുമുള്ള വിവരങ്ങളും അനുവദിച്ച ഇനം ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | | |
| (ഇ) | സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ട് സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതി അംഗങ്ങൾക്കോ ഭരണസമിതി അംഗങ്ങൾ ഉൾപ്പെട്ട സ്ഥാപനങ്ങൾക്കോ സഹകരണ നിയമപ്രകാരം അനുവദിക്കാനാവുമോ എന്ന് വ്യക്തമാക്കാമോ; ഇപ്രകാരം ഫണ്ട് നൽകുന്നത് അധികാര ദുർവിനിയോഗത്തിലും സ്വജന പക്ഷപാതത്തിലും ഉൾപ്പെടുന്നതല്ലേ; വ്യക്തമാക്കാമോ? | (ഇ) | സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ട് സഹകരണ നിയമം വകുപ്പ് 56(2) (ഡി) വ്യവസ്ഥ പ്രകാരം ധർമ്മാർത്ഥ ദാന സ്വത്ത് നിയമത്തിലെ 2-ാം വകുപ്പിൽ നിർവചിച്ചിട്ടുള്ള പ്രകാരം ധർമപരമായ ഏതെങ്കിലും ആവശ്യത്തിലേയ്ക്കായി സംഘം ഭരണസമിതി തീരുമാനപ്രകാരം വിനിയോഗിക്കാവുന്നതാണ്. ധർമ്മപര മായ ആവശ്യത്തിലേയ്ക്കായി വിനിയോഗി ക്കുന്നതുകൊണ്ട് അധികാര ദുർവിനിയോഗ ത്തിലും സ്വജനപക്ഷപാതത്തിലും ഉൾപ്പെടുന്നതല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2001 മുതൽ 2005 വരെ മലപ്പുറം ജില്ലയിലെ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് പൊതു നന്മ ഫണ്ടിൽ നിന്നും നൽകിയ തുകയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഭരണസമിതി തീരുമാനം നമ്പറും തീയതിയും | വിവരണം | തുക |
|---|---|---|---|
| 1 | 1242 തീയതി 03.02.2001 | ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധി | 1,00,000/- |
| 2 | 1263 തീയതി 10.02.2001 | ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധി | 20,000/- |
| 3 | 343 തീയതി 22.10.2001 | കേരളാ എമർജൻസി ഫോർ റിസേർച്ച് ആന്റ് റൂറൽ ഡവലപ്മെന്റ്, നിലമ്പൂർ | 1,00,000/- |
| 4 | 343 തീയതി 22.10.2001 | കേരളാ എമർജൻസി ഫോർ റിസേർച്ച് ആന്റ് റൂറൽ ഡവലപ്മെന്റ്, നിലമ്പൂർ | 90,000/- |
| 5 | 516 തീയതി 28.01.2002 | ഹിന്ദിന ചികിത്സ സഹായ നിധി കരുവാരകുണ്ട് | 10,000/- |
| 6 | 1224 തീയതി 03.02.2003 | ഗവ.മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ നിലമ്പൂർ | 1,00,000/- |
| 7 | 1460(2) തീയതി 07.07.2003 | സി.നാരായണൻ ചികിത്സാ സഹായ സമിതി, മുടപ്പിലാശ്ശേരി | 1,500/- |
| 8 | 96(1) തീയതി 08.12.2003 | ഗവ.യു.പി.സ്കൂൾ നിലമ്പൂർ | 5,000/- |
| 9 | 96(2) തീയതി 08.12.2003 | ഗവ.എൽ.പി.സ്കൂൾ വീട്ടിക്കുത്ത് | 5,000/- |
| 10 | 187 തീയതി 24.01.2004 | ഊർജ്ജിത ക്ഷയരോഗ ബോധവത്കരണ പരിപാടി | 5,000/- |
| 11 | 538 തീയതി 19.07.2004 | എടക്കര എരഞ്ഞിമങ്ങാട് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണ ഫണ്ട് | 20,000/- |
| 12 | 584 തീയതി 02.08.2004 | ആദിവാസി ആരോഗ്യ സംരക്ഷണ പദ്ധതി, ചാലിയാർ പഞ്ചായത്ത് | 3,00,000/- |
| 13 | 735(1) തീയതി 25.10.2004 | കാരുണ്യാ കാൻസർ റിലീഫ് ഫണ്ട്, വണ്ടൂർ | 10,000/- |
| 14 | 735(2) തീയതി 25.10.2004 | ആശ്രയ സ്പെഷ്യൽ സ്കൂൾ വണ്ടൂർ | 10,000/- |
| 15 | 885 തീയതി 17.01.2005 | സുനാമി ദുരിതാശ്വാസ ഫണ്ട് | 70,000/- |
| 16 | 409 തീയതി 31.10.2005 | വീട്ടിക്കകത്ത് സ്കൂൾ സാംസ്കാരിക നിലയം | 2,500/- |

സെക്ഷൻ ഓഫീസർ